20.07.2018

## ആവിഷ്കാര സ്വാതന്ത്ര്യത്തിൽ കേരളം മാതൃകയെന്ന് ആനന്ദ് പട്വർദ്ധൻ

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ മറ്റു പലവിഷയങ്ങളിലും എന്ന പോലെ കേരളം മാതൃകയാണെന്ന് പ്രമുഖ ഡോക്യൂമെന്ററി സംവിധായകൻ ആനന്ദ് പട്വർദ്ധൻ. രാജ്യത്ത് വൻതോതിൽ അസഹിഷ്ണുത വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളം അഭിപ്രായസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ മുൻപന്തിയിലാണെന്നും അദ്ദേഹം പറഞ്ഞു. എന്റെ നിലപാടുകളുടെ പ്രഖ്യാപനമാണ് എന്റെ സിനിമകൾ. കലാകാരന്മാർ അവരുടെ കലാസൃഷ്ടികൾ തന്നെയാണ് നിലപാടുകളായി അവതരിപ്പിക്കുന്നതെന്നും പട് വർദ്ധൻ പറഞ്ഞു. നിലപാടുകൾ ചലച്ചിത്രമാക്കാൻ ഒട്ടേറെ പ്രയാസമുള്ള കാലമാണിത്. വെല്ലുവിളികളെ നേരിടാനുള്ള മനസ്സുണ്ടായാലേ ഇന്നത്തെകാലത്ത് ഒരു സിനിമ പൂർത്തീകരിക്കാൻ കഴിയൂ. ദേശീയ പുരസ്കാരം തിരിച്ചു നൽകാൻ ഇടയാക്കിയ സാഹചര്യം നിലനിൽക്കുകയാണെന്നും അത്തരം പ്രതിഷേധ മാർഗങ്ങൾ ആവർത്തിക്കുന്നതിൽ അർത്ഥമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. മേളയിൽ റിബൽ വിത്ത് എ കോസ് എന്ന പ്രത്യേക വിഭാഗത്തിൽ പട് വർദ്ധന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്.

## ഗൗരി ലങ്കേഷിന്റെ ഓർമ്മകളുമായി 'നമ്മ ഗൗരി'

എതിർശബ്ദങ്ങളെ നിശബ്ദമാക്കാൻ ആയുധമെടുക്കുന്നവർക്ക് താക്കീതായി രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വ ചലച്ചിത്ര മേളയിൽ നമ്മ ഗൗരി എത്തുന്നു.. അക്രമികളുടെ വെടിയേറ്റ് മരിച്ച മാധ്യമപ്രവർത്തക ഗൗരി ലങ്കേഷിന്റെ ജീവിതവും നിലപാടുകളും പ്രമേയമായ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് പെഡസ്ട്രിയൻ പിക്ചേഴ്സിലെ പ്രദീപ് കെ പി ആണ്.

നിലപാടുകളുടെ പേരിൽ അക്രമികൾ കൊലപ്പെടുത്തിയ നരേന്ദ്ര

ധാബോൽക്കർ, ഗോവിന്ദ് പൻസാരെ, സച്ചിൻ മാലി, ശീതൾ സാഥേ, സാഗർ ഗോഖലെ, രമേഷ് ഗെയ്ചോർ എന്നിവർക്കുള്ള ശ്രദ്ധാഞ്ജലിയായ ചിത്രവും മേളയിലുണ്ട്. ആനന്ദ് പട് വർദ്ധൻ: റിബൽ വിത്ത് എ കോസ് വിഭാഗത്തിലാണ് യു ക്യാൻ ഡിസ്ട്രോയ് ദ ബോഡി എന്ന ഈ ശ്രദ്ധാഞ്ജലി പ്രദർശിപ്പിക്കുക. നമ്മ ഗൗരി നിളാ തിയേറ്ററിൽ 22 ന് വൈകുന്നേരം 6.30 നും യു ക്യാൻ ഡിസ്ട്രോയ് ദ ബോഡി 24 ന് രാവിലെ 11.45 നുമാണ് പ്രദർശിപ്പിക്കുക.

ഗൗരി ലങ്കേഷിന്റെ സഹോദരി കവിതാ ലങ്കേഷ് മേളയുടെ കഥാ വിഭാഗം ജൂറി അധ്യക്ഷയാണ്.

## സമീറ ജെയിനിന്റെ
## എഡിറ്റിംഗ് മാസ്റ്റർ ക്ലാസ് നാളെ (ഞായർ)

ഡോക്യുമെന്ററി ചിത്രങ്ങളുടെ ദൃശ്യസംയോജന സാങ്കേതികത മനസ്സിലാക്കാൻ അവസരമൊരുക്കുന്ന സമീറ ജെയിനിന്റെ മാസ്റ്റർ ക്ലാസ് നാളെ (22.7.2018) നടക്കും. ചലച്ചിത്രരംഗത്തെ എഡിറ്റിംഗിന്റെ സാധ്യതകളും സാങ്കേതികതയും പകർന്നു നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. വിദ്യാർത്ഥികൾക്ക് പ്രവേശനം സൗജന്യമാണ്.

നാളെ ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ ആറു മണി വരെ തിരുവനന്തപുരത്തെ ഹൊറൈസൺ ഹോട്ടലിലാണ് മാസ്റ്റർ ക്ലാസ് നടക്കുക. സിനിമാ മേഖലയിൽ കഴിഞ്ഞ 30 വർഷമായി സജീവമായ സമീറ ജെയ്നാണ് ക്ലാസിന് നേതൃത്വം നൽകുക. .

തുടരും